വി. ദേവസ്യാനോസ്



DHARMARAM COLLEGE
LIBRARY
BANGALORE-29

വഗ്ഗീസ്സ് കാഞ്ഞിരത്തുങ്കൽ

ല 50 പൈ.

CHILDREN'S LIBRARY 151 Mobile Unit Free Distribution Public General Library

വി. ദേവസ്യാനോസ്

I. പ്രാരംഭം

'റോമായിലെ വിശുദ്ധ വേദസാക്ഷി', 'പരിശുദ്ധനായ യോദ്ധാവ്' ഇത്യാദി ഉപസംജ്ഞകളാൽ അഭിസംബുദ്ധനായ നമ്മുടെ മഹാസിദ്ധൻ ക്രി. വ. 255 നോടടുത്ത്, വിശുദ്ധന്മാരുടെ ജന്മനാടെന്ന പ്രകീർത്തിക്കപ്പെട്ടന്ന ഫ്രാൻസുരാജ്യത്തു് ജ്ഞാതനായി. ചരിത്രനായകനെപ്പറ്റി പ്രസ്താവിക്കുന്ന പുസ്തകങ്ങളിലും ലേഖനങ്ങളിലും 'സെൻറു് സെബാസ്റ്റ്യൻ' 'വിശുദ്ധ സെബസ്ത്യാനോസു്' എന്നീ നാമങ്ങളാണു് പ്രായേണ ഉപയോഗിക്കുന്നതെങ്കിലും കേരളീയ ജനസാമാന്യത്തിനു് സുപരിചിതമായ 'വിശുദ്ധ ദേവസ്യാനോസു്' എന്ന പേരാണു്. ഈ ജീവചരിത്രകഥനത്തിൽ സ്വീകരിച്ചിരിക്കുന്നതു്.

വി. ദേവസ്യാനോസിന്റെ ജനനസ്ഥലം ഫ്രാൻസിന്റെ തെക്കേ അറ്റത്തു്, മെഡിറ്ററേനിയൻ സമുദ്രതീരത്തുള്ള നർബോന എന്ന രമണീയ നഗരമായിരുന്നു. അദ്ദേഹത്തിന്റെ പിതാവു്, സമ്പന്നനും ഉൽകൃഷ്ടകുലജാതനും ഉത്തമകത്തോലിക്കനുമായ ഒരു നർബോനാ നഗരപൗരനും മാതാവു്, മിലാൻ പട്ടണത്തിലെ പ്രശസ്ത പ്രഭുകുടുംബാംഗമായ ഒരു ഇറ്റാല്യൻ വനിതയുമായിരുന്നു.

മാതാവിന്റെ ജന്മദേശമായ മിലാനിലാണു്, ദേവസ്യാനോസു്, തന്റെ ബാല്യകാലംമുതൽ താമസിച്ചിരുന്നതു്. അവിടെവച്ചു്, അദ്ദേഹത്തിനു് വംശോചിതമായ ഉന്നതവിദ്യാഭ്യാസം നല്ലപ്പെട്ട. അക്കാലത്തു്, സൈന്യസേവനം ശ്രേഷ്ഠമായ ഒരു ജീവിതവൃത്തിയായി മാനിക്കപ്പെട്ടിരുന്നതിനാൽ, യുവാക്കന്മാരായ തങ്ങളുടെ പുത്രന്മാരെ ആയുധവിദ്യയഭ്യസിപ്പിക്കുന്നതിൽ അഭിജാതരായ മാതാപിതാക്കന്മാർ ശ്രദ്ധാലുക്കളായിരുന്നു. അതനുസരിച്ചു് ദേവസ്യാനോസും ആയോധനവിദ്യാഭ്യാസത്തിനായി അയയ്ക്കപ്പെട്ട.

ആയുധവിദ്യയിൽ ദേവസ്യാനോസു് നിസ്തുല്യമായ നൈപുണ്യം പ്രകടിപ്പിച്ചു എകിലും സ്വന്ത സാമർത്ഥ്യത്തിൽ ഒട്ടുംതന്നെ ഗർവ്വിഷ്ടനാകാതെ ഏറ്റവും വിനയാന്വിതനായി അദ്ദേഹം വ്യാപരിച്ചിരുന്നു. ഭോഗലാലസ്വും അസന്മാർഗ്ഗജടിലവുമായ അഴിഞ്ഞ റോമൻ പട്ടാളജീവിതത്തിൽ, ദേവസ്യാനോസു്, തന്റെ യൗവ്വനത്തെ നിഷ്കഷ്ടപൂർവ്വം നിയന്ത്രിക്കയും ജീവിതനൈർമ്മല്യം അഭംഗമായി പാലിക്കയുംചെയ്തു. ദേവസ്യാനോസിന്റെ അസാധാരണ

മായ പ്രതിഭാവിലാസവും, അന്യാദൃശമായ വിനയം, നിഷ്കള
ങ്കത, ദീനാനുകമ്പ, വിരക്തി മുതലായ സൽഗുണങ്ങളും, ഗുരുഭൂത
ന്മാരെയും സഹപാഠികളെയും ഹഠാദാകർഷിച്ചു. എല്ലാവരും അദ്ദേഹ
ത്തെ അഭിനന്ദിക്കയും ബഹുമാനിക്കയും അനുകരിക്കയും ചെയ്തു.
അദ്ദേഹം എല്ലാവർക്കുടേയും കണ്ണിലുണ്ണിയായി.

വിദ്യാഭ്യാസാനന്തരം ദേവസ്യാനോസ് തന്റെ ജീവിതാന്ത
സ്സ് തിരഞ്ഞെടുത്തു. മതതീക്ഷ്ണതയുള്ള ഒരു അമ്മായപ്രേഷിത
നായി മാതൃകാജീവിതം നയിക്കുവാനായിരുന്നു അദ്ദേഹം തീർച്ച
പ്പെടുത്തിയതു്. ദേവസ്യാനോസ് അവിവാഹിതനായി, ആജീവ
നാന്തം ബ്രഹ്മചാരിയായി, വിരക്തജീവിതം നയിക്കയുംചെയ്തു.

II. സൈനികജീവിതം

ദേവസ്യാനോസ്, സൈനികജീവിതത്തോട് അനഭിമുഖനാ
യിരുന്നു. എങ്കിലും സൈനികവൃത്തി മഹനീയവും കുലീനതാദ്യോ
തകവുമായ ഒരു ഉദ്യോഗമായിരുന്നതിനാൽ, ദേവസ്യാനോസ് ഒരു
പടയാളിയായി കാണുവാൻ മാതാപിതാക്കന്മാർ അഭിലഷിച്ചിരു
ന്നു. ക്രിസ്ത്യാനികളായ ടേന്മാരെയും തടവുകാരെയും സഹായിക്കു
ന്നതിനും ഔദ്യോഗികരംഗങ്ങളിൽ അജ്ഞാതമായി മതപ്രചരണം
നടത്തുന്നതിനും സൈനികജീവിതം പ്രയോജകീഭവിക്കുമെന്നു കരു
തി, ദേവസ്യാനോസ് തന്റെ ഇരുപത്തിയെട്ടാമത്തെ വയസ്സിൽ
റോമൻപട്ടാളത്തിൽ ചേർന്നു, സൈനികജീവിതം ആരംഭിച്ചു.

അക്കാലത്തു്, റോമാസാമ്രാജ്യം ഭരിച്ചിരുന്നതു് കാരസ് എ
ന്നൊരു ചക്രവർത്തിയായിരുന്നു. മതമർദ്ദനദശകമെന്നു് സഭാച
രിത്രകാരന്മാർ പ്രസ്താവിക്കുന്ന അതിരൂക്ഷമായ റോമൻ മതപീഡ
നങ്ങളുടെ ആന്തരാളിക കാലഘട്ടമായിരുന്നു അതു്. ക്രി. വ. 54–ൽ
നീറോചക്രവർത്തിയുടെ കാലംമുതൽ തുടങ്ങിയ ആ മതമർദ്ദനം.
ഡൊമിഷ്യൻ (81–96) ട്രാജൻ (98–117), അഡ്രിയാൻ (117–138),
മാർക്കസ് ഔറേലിയസ് (161–180), സെപ്റ്റിനസ് സെവേര
സ് (193–211), മാക്സിമിയൻ (235–238), ഡേഷ്യസ് (249–
251), വലേരിൻ (253–260), ഔറേലിയൻ (270–275) മുതലായ
ചക്രവർത്തിമാരുടെ കാലത്തു് അത്യുഗ്രാവസ്ഥയെ പ്രാപിച്ചു

ക്രിസ്ത്യാനികളെ രാജ്യദ്രോഹികളും രാജശത്രുക്കളുമായി ഗണി
ച്ചിരുന്നു. ക്രിസ്ത്യാനി എന്ന പേരുപോലും റോമൻ ചക്രവർത്തിമാ
ർക്കു് അരോചകവും കണ്ണുകരോരവുമായിരുന്നു. സാമ്രാജ്യത്തിൽ എത്ര
ഉന്നതനിലയിലിരിക്കുന്നവരായാലും ക്രിസ്ത്യാനികളാണെന്നറി
ഞ്ഞാൽ നിശ്ചയം വധിച്ചുകളയുകയായിരുന്നു പതിവു്. രാജ്യാ
തിർത്തികളിൽ എവിടെയെങ്കിലും മഹാമാരിയോ ഭൂകമ്പമോ
സാംക്രമികരോഗങ്ങളോ അതുപോലെയുള്ള ആപത്തുകളോ സംഭ
വിച്ചാൽ, അതെല്ലാം ക്രിസ്ത്യാനികളുടെ ദോഷംകൊണ്ടാണെന്നു്
വിധിക്കപ്പെട്ടിരുന്നു. കലാപകാരികളും ഗർഹണീയന്മാരുമായ ഒരു

മ്ലേച്ഛജനസമൂഹമായി ക്രിസ്ത്യാനികൾ അവഹേളിക്കപ്പെട്ടിരുന്നു. റോമാദേവന്മാരെ പ്രീണിപ്പിക്കുന്നതിനായി ക്രിസ്ത്യാനികളെ ബുദ്ധക്ഷുക്കളായ ഹിംസ്രജന്തുക്കളുടെ വായിലേയ്ക്ക് എറിഞ്ഞുകൊടുത്തിരുന്നു. ജീവനോടെ ദഹിപ്പിക്കുക, ശിരഃഛേദം ചെയ്യുക, കുരിശിൽ തറച്ചുകൊല്ലുക, ജീവനോടെ കുഴിച്ചുമൂടുക, പട്ടിണിയിട്ട് കൊല്ലുക, തൊലിയുരിയുക, തിളക്കുന്ന എണ്ണയിലിട്ട് പൊരിക്കുക, നദിയിൽ കെട്ടിത്താഴ്ത്തുക, കശാപ്രഹരത്താലും അസ്ത്രപ്രയോഗത്താലും നിഗ്രഹിക്കുക മുതലായ ഭീഷണമായ പീഡനങ്ങളും ക്രിസ്ത്യാനികളുടെമേൽ പ്രയോഗിക്കപ്പെട്ടിരുന്നു. കൊലയായുധങ്ങൾ മൂർച്ചയില്ലാതാകയോ, ഒടിഞ്ഞുപോകയോ, ഘാതകന്മാർ കൊലകൊണ്ട് ക്ഷീണിച്ചുപോകയോ ചെയ്യുന്നതുവരെ ഈ ക്രിസ്തീയ സംഹാരം തുടർന്നിരുന്നുവത്രെ.

ഈ ഭയങ്കര ഭണ്ഡനങ്ങൾകൊണ്ടൊന്നും ധീരന്മാരായ പുരാതന ക്രൈസ്ത്യാനികളുടെ വിശ്വാസത്തിന് യാതൊരു കോട്ടവും തട്ടിയില്ല. അവർ രഹസ്യമായി മതാനുഷ്ഠാനങ്ങളും ആരാധനയും മതപ്രചാരണവും നടത്തിയിരുന്ന മാപ്പാപ്പാമാരും മെത്രാന്മാരും വൈദികരും രഹസ്യസങ്കേതങ്ങളിൽ പാർത്തുകൊണ്ട്, പൗരോഹിത്യകൃത്യങ്ങൾ അനുനമായി തുടർന്നുകൊണ്ടിരുന്നു. സമയത്തിന്റെ പൂർണ്ണതയിൽ, വിശ്വാസം പരസ്യമായി പ്രഖ്യാപിച്ച്, വിശ്വാസസംരക്ഷണാർത്ഥം രക്തം ചൊരിയുവാനും അവർ സന്നദ്ധരായിരുന്നു. അങ്ങനെ ഒട്ടേറെ പുണ്യാത്മാക്കൾ അവരുടെ ക്രൈസ്തവരക്തംകൊണ്ട് വിശ്വാസത്തെ സ്ഥിരീകരിച്ച് ധർമ്മസാക്ഷികളായി വീരമരണം പ്രാപിക്കയുംചെയ്തു.

ക്രിസ്ത്യാനികളുടെ പരസ്പരസഹകരണവും സഹായവും നിർഭയമായ പ്രേഷിതപ്രവർത്തനവും അന്ന് ക്രൈസ്തവസഭയുടെ അസ്തിത്വത്തിനും വിജയത്തിനും ഏറ്റവും ആവശ്യമായിരുന്നു. ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന് ആത്മായപ്രേഷിതോത്തമനായ ദേവസ്യാനോസിന്റെ ധാർമ്മികകൃത്യങ്ങളും എത്രമാത്രം ഭാരാവഹവും ആപൽക്കരവുമായിരുന്നുവെന്ന് ഊഹിക്കാമല്ലൊ.

സഭയുടെ വിജയത്തിനും സഭാംഗങ്ങളുടെ സ്വാതന്ത്ര്യത്തിനും വേണ്ടി അദ്ദേഹം അവിശ്രാന്തമായി, ഏകാഗ്രമായി, സുധീരമായി വേലചെയ്തുകൊണ്ടിരുന്നു. വിശ്വാസത്തിൽ സംശയാലുക്കളെയും ചഞ്ചലമനസ്ക്കരെയും ഉപദേശിച്ച് ധൈര്യപ്പെടുത്തുകയും സ്ഥിരപ്പെടുത്തുകയും ചെയ്യുക, തടവുകാരായ ക്രിസ്ത്യാനികൾക്ക് യഥാസമയം ആത്മീയവും ശാരീരികവുമായ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ സഹായിക്കുക, ആത്മീയപ്രകാശം ലഭിക്കാതെ 'പെയ്ഗൻ' തിമിരബാധിതരായിരുന്ന റോമാനിവാസികൾക്ക് ക്രിസ്തുവിന്റെ ലോകോത്തരമായ ധർമ്മസന്ദേശങ്ങൾ നൽകുക, ദുഃഖിതരെയും രോഗികളെയും ശുശ്രൂഷിച്ച് ആശ്വസിപ്പിക്കുക, ദരിദ്രരേയും ദീനരേയും സംരക്ഷിക്കുക, രക്തസാക്ഷികളുടെ മൃതശരീരങ്ങൾ

യഥാവിധി സംസ്കരിക്കുക മുതലായവയായിരുന്നു ദേവസ്യാനോസിന്റെ അന്ത്യദിനകർമ്മപരിപാടി.

അദ്ദേഹത്തിനുണ്ടായിരുന്ന വമ്പിച്ച സ്വത്തുമുഴുവൻ അദ്ദേഹം പാവങ്ങൾക്കു ദാനം ചെയ്തിരുന്നു. അതിനുപുറമേ, ഉദാരമതികളായ മറ്റു ക്രിസ്ത്യാനികളിൽനിന്നും ധർമ്മസഹായങ്ങൾ സ്വീകരിച്ചും അദ്ദേഹം സാധുജനസേവനം നിർവ്വഹിച്ചിരുന്നു. അങ്ങനെ അദ്ദേഹം ''ദരിദ്രരുടെ ഔദാര്യമുള്ള പിതാവാ''യി അംഗീകരിക്കപ്പെട്ടു.

മാപ്പിപ്പായേയും വൈദികരേയും, ദേവസ്യാനോസു് അവരുടെ കൃത്യനിർവ്വഹണത്തിൽ ഉത്സാഹപൂർവ്വം സഹായിച്ചിരുന്നു. അജ്ഞാതസങ്കേതങ്ങളിൽ അഭംഗമായി തിരുക്കർമ്മങ്ങൾ നടത്തുന്നതിനും, തടവുകാരായ ക്രിസ്ത്യാനികൾക്കും മറ്റും ദിവ്യകാരുണ്യം മുതലായ ദിവ്യസംസ്കാരങ്ങൾ നിർബാധം നല്കുന്നതിനും, ദേവസ്യാനോസിന്റെ ബലിഷ്ഠഹസ്തങ്ങൾ ക്രിസ്തീയ പുരോഹിതവൃന്ദത്തിനു് പ്രതിരോധസമർത്ഥമായ രക്ഷായുധങ്ങൾപോലെ ഉപകരിച്ചു. ദേവസ്യാനോസു് മാപ്പിപ്പായേയ്ക്കു പ്രദർശിപ്പിച്ച ഭക്തിയും അത്മായാപ്പോസ്തലത്വം വഴിയായി ചെയ്തിട്ടുള്ള വിശിഷ്ട സേവനങ്ങളും പരിഗണിച്ചു്, വിശുദ്ധ ദേവസ്യാനോസിന്റെ പ്രാർത്ഥനയിൽ ''പരിശുദ്ധ പിതാവിനു് അത്യന്തം പ്രിയംകരനും സഹായകനും ആനന്ദപ്രദനുമായിരുന്ന വിശുദ്ധ ദേവസ്യാനോസേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ'' എന്നു പ്രത്യേകം ചേർത്തിരിക്കുന്നു.

ദേവസ്യാനോസിന്റെ അത്യൽകൃഷ്ടവും അമോഘവുമായ സഭാസേവനങ്ങളെ സമാദരിച്ചു് മാപ്പിപ്പാതിരുമേനി, 'സഭാസംരക്ഷകൻ' എന്ന അത്യുന്നതമായ ബഹുമതിബിരുദം അദ്ദേഹത്തിനു കല്പിച്ചു നൽകുകയും ചെയ്തു.

ദേവസ്യാനോസു് ഉദ്യോഗജീവിതം ആരംഭിച്ചകാലത്തു് റോമാസാമ്രാജ്യം വാണിരുന്ന കാരസു് ചക്രവർത്തി തന്റെ മുൻഗാമികളെപ്പോലെ ഉഗ്രമൂർത്തിയായ ഒരു മതമർദ്ദകനായിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ അറിവുകൂടാതെ, ഹൃദയശൂന്യരായ ഉദ്യോഗസ്ഥവൃന്ദങ്ങൾ ക്രിസ്ത്യാനികളെ പലപ്രകാരത്തിലും പീഡിപ്പിച്ചുകൊണ്ടിരുന്നു. ദേവസ്യാനോസു് ദണ്ഡിതരെയും പീഡിതരെയും ബന്ധികളെയും സന്ദർശിച്ചു് ആശ്വസിപ്പിച്ചു.

ഇല്ലീരിക്കം എന്ന സ്ഥലത്തുവച്ചു്, ഡൽമേഷ്യാക്കാരനായ ഡയോക്ലിഷ്യനായുണ്ടായ യുദ്ധത്തിൽ കാരസു് വധിക്കപ്പെട്ടു. 284-ൽ ഡയോക്ലിഷ്യൻ റോമാചക്രവർത്തിയായി പ്രഖ്യാപിതനായി.

പടയാളിയായ ദേവസ്യാനോസു്, ചക്രവർത്തിയുടെ പ്രത്യേക വാത്സല്യത്തിനും പ്രശംസയ്ക്കും ക്ഷണേന പാത്രമായി. ദേവസ്യാനോസിന്റെ വിശ്വസ്തത, കൃത്യബോധം, കർമ്മകുശലത, വ്യക്തിപ്രഭാവം മുതലായ ഗുണങ്ങളിൽ ആകൃഷ്ടമാനസനായ ഡയോക്ലിഷ്യൻ അദ്ദേഹത്തെ, തന്റെ സേനാനായകനായി നിയമിക്കയും അചി

രേണ സ്വന്തം അംഗരക്ഷകസൈന്യത്തിൽ അതിമാന്യമായ സ്ഥാനം ആ വീരയോദ്ധാവിനു നൽകുകയും ചെയ്തു. 'പ്രീട്ടോറിയൻ സേവകന്മാർ' എന്നറിയപ്പെടുന്ന ആ അംഗരക്ഷകവ്യൂഹം, ചക്രവർത്തിക്കു് ഏറ്റവും വിശ്വസ്തരും പ്രിയതമന്മാരുമായ വീരയോദ്ധാക്കളാൽ സംഘടിതമായിരുന്നു. പ്രീട്ടോറിയൻ അംഗരക്ഷകവൃന്ദമായിലെ പ്രഭുകുലജാതരായ ആയോധനവീരന്മാർക്കുമാത്രം ലഭിക്കാവുന്ന ഒരു ഉന്നതോദ്യോഗമായി മാനിക്കപ്പെട്ടിരുന്നു. ആ അംഗരക്ഷകഗണത്തിന്റെ നായകനായി ദേവസ്യാനോസു് ഉയർത്തപ്പെട്ടു.

ദേവസ്യാനോസു്, തന്റെ ഔദ്യോഗികകൃത്യങ്ങളിൽ ഒട്ടുംതന്നെ പരാങ്മുഖനായിരുന്നില്ല. ''സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും'' എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതപ്രമാണം. സേനാനിയായ ദേവസ്യാനോസു്, റോമാസാമ്രാജ്യത്തേയും ചക്രവർത്തിയേയും വിശ്വസ്തതാപൂർവ്വം സേവിച്ചപ്പോഴൊക്കെത്തന്നെ, ആ ക്രിസ്തീയധർമ്മഭടൻ രാജാധിരാജനും സ്വർഗ്ഗീയസാമ്രാജ്യാധിപനുമായ ക്രിസ്തുനാഥനെയും അവിടത്തെ മൗതികശരീരമായ തിരുസ്സഭയേയും സർവ്വംകഷമായി അഭ്യർത്ഥിക്കയും ചെയ്തു.

III. അത്മായാപ്പോസ്തലത്വം

ഡയോക്ലീഷ്യൻ ചക്രവർത്തി ഭരണാരംഭോൽത്തിൽ ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ കീഴിൽ ഭരണം നടത്തിയിരുന്ന ഗലേരിയസു്, മാക്സിമിയൻ തുടങ്ങിയ ഖലകേസരികളുടെ പ്രേരണയ്ക്കു വശംവദനായി കാലാന്തരത്തിൽ ഡയോക്ലീഷ്യൻ കുപ്രസിദ്ധമായ പത്താമത്തെ മതപീഡനം ആരംഭിച്ചു.

ഇതോടുകൂടി ദേവസ്യാനോസിന്റെ ജോലി വർദ്ധിച്ചു. അദ്ദേഹം പ്രേഷിതകൃത്യങ്ങളിൽ നിരന്തരം ജാഗരൂകനായി. സഹപ്രവർത്തകന്മാരോടും സ്നേഹിതന്മാരോടും അദ്ദേഹം ക്രിസ്തുവിന്റെ ദിവ്യസന്ദേശങ്ങളും പ്രസംഗിച്ചു. മാനസാന്തരപ്പെടുവാൻ ആഗ്രഹം പ്രകടിപ്പിച്ചവരെ ആവശ്യമായ മതവിജ്ഞാനം നൽകി ജ്ഞാനസ്നാനത്തിനൊരുക്കി വൈദികരെ ഏല്പിച്ചു. അല്പവിശ്വാസികളും അസ്ഥിരവിശ്വാസികളുമായ ക്രിസ്ത്യാനികൾക്കു്, പ്രലോഭനങ്ങളെ ജയിച്ചു് വിശ്വാസത്തിൽ സുസ്ഥിരരായിരിക്കുവാനും വിശ്വാസസ്ഥിരീകരണത്തിനായി പീഡകരെ സഹിക്കുവാനും വേദസാക്ഷികളായി മരിക്കുവാനും വേണ്ട പ്രോത്സാഹനം ദേവസ്യാനോസിൽനിന്നു് ലഭിച്ചിരുന്നു. അദ്ദേഹം വേഷപ്രച്ഛന്നനായി കാരാഗൃഹങ്ങളും മർദ്ദനരംഗങ്ങളും സന്ദർശിച്ചു്, ആമരണം ക്രൈസ്തവമനോവീര്യം നിലനിറുത്തുവാനും ക്രിസ്തുവിനുവേണ്ടി സസന്തോഷം മരണത്തെ അഭിമുഖീകരിക്കാനും ദണ്ഡ്യരായ ക്രിസ്ത്യാനികളെ ഉത്തേജിപ്പിച്ചുകൊണ്ടിരുന്നു. ദയാലുവായ ദേവസ്യാനോസു് ക്രിസ്ത്യാനികളുടെ ദുരിതാശ്വാസപ്രവർത്തനങ്ങളിലും നിരതനായിരുന്നു. അങ്ങനെ രാജ

കൊട്ടാരത്തിലും പട്ടാളപ്പാളയത്തിലും കാരാഗൃഹത്തിലും തെരുവീഥിയിലും അദ്ദേഹം ഒരു അപ്പോസ്തലനെപ്പോലെ വർത്തിച്ചു. അദ്ദേഹത്തിന്റെ ജീവിതപവിത്രതയാലും ഉപദേശസാരള്യത്താലും പ്രാർത്ഥനാതീക്ഷ്ണതയാലും അനേകർ ക്രിസ്തുമതം സ്വീകരിക്കയും വിശ്വാസത്തിൽനിന്നു വ്യതിചലിച്ചുപോയ അനേകർ വിശ്വാസത്തെ പുനരാശ്ലേഷിച്ചു് വിശ്വസത്തിനുവേണ്ടി ജീവത്യാഗം ചെയ്കയും ചെയ്തു.

ആയിടയ്ക്കു് ദേവസ്യാനോസിന്റെ പരിശ്രമത്താൽ സംഘാതമായ ഒരു മതപരിവർത്തനം നടക്കുകയുണ്ടായി.

മാക്സ്സെന്നും മാർസല്യാനസ്സെന്നും പേരുള്ള പ്രഭുവംശജരായ രണ്ടു സഹോദരന്മാർ ക്രിസ്ത്യാനികളെന്ന കാരണത്താൽ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു് കാരാഗൃഹത്തിലടയ്ക്കപ്പെട്ടിരുന്നു. അവർ റോമായിലെ 'പത്രീസിയൻ' എന്ന ഉന്നതഗോത്രത്തിൽപ്പെട്ടവരും, ധനാഢ്യരും പൗരമുഖ്യരുമായ ട്രാൻക്വിലിനസ്സു്, മാർസിയാ എന്ന അക്കൈസ്സവദമ്പതിമാരുടെ പുത്രന്മാരുമായിരുന്നു.

മാതാപിതാക്കന്മാരുടെ അപേക്ഷയനുസരിച്ചു് ആ യുവാക്കന്മാരുടെ മരണവിധി മുപ്പത്തുദിവസത്തേയ്ക്കു നീട്ടിവയ്ക്കുവാൻ ഗവർണരായ ക്രോമേഷ്യസ് അനുവദിച്ചു. മുപ്പത്തുദിവസംകൊണ്ടു മക്കളെ വിശ്വാസത്യാഗം ചെയ്യിച്ചു്, റോമാദേവന്മാരുടെ ആരാധകന്മാരാക്കാമെന്നും, അല്പാത്തപക്ഷം വധിച്ചുകൊള്ളുന്നതിനു് സമ്മതമാണെന്നും അവർ റോമാഗവർണരുടെ മുമ്പാകെ മൊഴികൊടുത്തു.

മാക്സ്സിനെയും മാർസല്യാനസ്സിനെയും നീതിന്യായാദ്ധ്യാഗസ്ഥനായ നിക്കോസ്ട്രാറ്റസിന്റെ ഭവനത്തിലെ തമോമയമായ ഒരു മുറിയിൽ അടച്ചിട്ടിരിക്കയായിരുന്നു.

റോമൻ മതപീഡനകാലത്തു് ക്രിസ്ത്യാനികളെ തടവുകാരായി പാർപ്പിച്ചിരുന്ന കാരാഗൃഹങ്ങളിൽ വായുവും വെളിച്ചവും പ്രവേശിക്കുന്നതിനുള്ള സൗകര്യം വളരെ പരിമിതമായിരുന്നു. ഭൂഗർഭസ്ഥങ്ങളായ ഇരുട്ടറകൾ എന്ന പേർ അവയ്ക്കു് തികച്ചും അന്വർത്ഥമായിരുന്നു. ഭിത്തികളിൽ തടവുകാരെ കെട്ടിത്തൂക്കിയിടുന്നതിനു് വളയങ്ങളും, തറയിൽ പൂട്ടിയിടുന്നതിനു് കുറ്റികളുമുണ്ടായിരുന്നു. അവർ കിടക്കുന്ന തണുത്ത കൽത്തറയിലാകമാനം ഓടിൻകഷണങ്ങളും വിതറിയിരുന്നു.

മാക്സ്സ് സഹോദരന്മാർ അടയ്ക്കപ്പെട്ടിരുന്ന തടവുമുറി ഇത്തരത്തോളം ഭീതിപൂർണ്ണമായിരുന്നുവെന്നു വിചാരിക്കുവാൻ വയ്യാ.

മാക്സ്സിന്റെയും മാർസല്യാനസ്സിന്റെയും 'മനസ്സുതിരി'ക്കുവാൻ പലരും ഉറ്റുശ്രമിച്ചു. അവരുടെ മാതാപിക്കന്മാർ അവരുടെ മുമ്പിൽ താണുവീണുപദേശിച്ചു; കരഞ്ഞുപിഴിഞ്ഞപേക്ഷിച്ചു. അവരെ സംരക്ഷിക്കുന്നതിനു് മാതാപിതാക്കന്മാർ സഹിച്ച ക്ലേശങ്ങളും വാർദ്ധക്യത്തിൽ അവരെ രക്ഷിക്കുവാൻ മക്കൾക്കുള്ള ജന്മസിദ്ധമായ കടമയും, അവർ മരിച്ചുപോയാൽ മാതാപിതാക്കന്മാർക്കു

നേരിട്ടന്ന നിരാശ്രയാവസ്ഥയും, മരണത്തിന്റെ ഭയാനകത്വവും, ലൗകികസുഖങ്ങളുടെ ആകഷ്കത്വവും ആനന്ദദായകത്വവും അവർ മക്കളെ വണ്ണിച്ചുകേൾപ്പിച്ചു.

മാതാപിതാക്കന്മാരെ പിരിഞ്ഞു പോകുന്നതിൽ അവക്കും വലിയ കുണ്ഠിതമുണ്ടായിരുന്നു. എങ്കിലും, ''എന്നെക്കാളും കൂടുതലായി മാതാവിനെയോ പിതാവിനെയോ സ്നേഹിക്കുന്നവൻ എനിക്ക് അനുരൂപനല്ല'' എന്നുള്ള ക്രിസ്തുനാഥന്റെ തിരുവാക്യം അവരുടെ അന്തരംഗങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നു.

മാതാപിതാക്കന്മാരുടെ ശ്രമം നിഷ്ഫലമായെന്നു കണ്ടപ്പോൾ യുവതികളും സൗന്ദര്യധാമങ്ങളുമായ അവരുടെ ഭാര്യമാരും, ഓമനത്വമോലുന്ന പിഞ്ചുകുഞ്ഞുങ്ങളും അവരുടെ സമീപത്തേയ്ക്ക് ആനയിക്കപ്പെട്ടു. ലാവണ്യവതികളായ ആ ലലനാമണികളും, അവരുടെ ശക്തിമത്തായ രണ്ട് ആയുധങ്ങളും– പുഞ്ചിരിയും–കണ്ണുനീരും– പ്രയോഗിച്ച് തങ്ങളുടെ ഭർത്താക്കന്മാരുടെ മാനസികപരിവർത്തനത്തിനായി തീവ്രശ്രമം ചെയ്തു. ദാമ്പത്യത്തിന്റെ മധുരസ്മരണകളിലേയ്ക്ക്, അവർ, തങ്ങളുടെ ഹൃദയനാഥന്മാരുടെ ശ്രദ്ധയെ ക്ഷണിച്ചു. വൈധവ്യത്തിന്റെ ക്ലേശഭൂയിഷ്ഠതയെ അവർ അതിവർണ്ണനംചെയ്തു. അവ്യക്തമേദുരമായ മധുവാണികളാൽ അവരുടെ ഓമനക്കുഞ്ഞുങ്ങളും ആ മഹനീയോദ്യമത്തിൽനിന്ന് ധർമ്മവീരാർത്ഥികളെ പിന്തിരിപ്പിക്കുവാൻ നോക്കി.

ഈ പ്രലോഭനശ്രമങ്ങളും ഏതാനും ദിവസത്തേയ്ക്ക് നീണ്ടുനിന്നു. ഓരോദിവസവും പുതിയ പുതിയ കാരണങ്ങളും മാതിരികളുമാണ് അവർ സ്വീകരിച്ചതു്. അത്യന്തദുസ്സഹമായ ഈ പ്രലോഭനങ്ങളും ആ ധർമ്മവീരാർത്ഥികളുടെ ഹൃദയങ്ങളെ അല്പാല്പമായി സ്പർശിച്ചുതുടങ്ങി. അവരുടെ ദൃഢനിശ്ചയത്തിനു് ഇളക്കം തട്ടിയതുപോലെ തോന്നി. സ്വജനങ്ങളുടെ അപേക്ഷയെപ്പറ്റി പര്യാലോചിക്കാമെന്നു് അവർ വാഗ്ദാനം ചെയ്തു.

ഈ ആപൽക്കരമായ നിലയറിഞ്ഞു്, ധർമ്മവീരാഗ്രേസരനായ ദേവസ്യാനോസു് അവിടെച്ചെന്നു്, തനിക്കു വരാവുന്ന ഭയങ്കരഭവിഷ്യത്തുകളെപ്പറ്റി ചിന്തിച്ചു പര്യാകുലനാകാതെ, ആ അക്രൈസ്തവരുടെ മുമ്പിൽ ധീരനായിനിന്നുകൊണ്ടു്, ചഞ്ചലഹൃദയരായ ആ ക്രിസ്തീയ സഹോദരന്മാരെ വിശ്വാസത്തിൽ ദൃഢചിത്തരും അചാല്യരുമായിരിക്കുവാൻ ഉൽബോധിപ്പിച്ചു. ലോകജീവിതത്തിന്റെ ക്ഷണഭംഗുരതയും, നിസ്സാരതയും ഒരുതിനുവേണ്ടി ശാശ്വതസുഖസന്ദായകമായ സ്വർഗ്ഗീയഭാഗ്യം നഷ്ടപ്പെടുത്തുന്നതിന്റെ മൗഢ്യാതിരേകവും അദ്ദേഹം സയുക്തികം ഉപപാദിച്ചു. ''മനുഷ്യരുടെ മുൻപാകെ എന്നെ ഏറ്റുപറയുന്നവനെ ദൈവദൂതന്മാരുടെ സമക്ഷം മനുഷ്യപുത്രനും ഏറ്റുപറയും'' എന്നുള്ള സുവിശേഷവാക്യം അദ്ദേഹം അവരെ അനുസ്മരിപ്പിച്ചു. മാതാപിതാക്കന്മാക്കും ബന്ധുമിത്രാദികൾക്കും വേണ്ടി ലോകത്തിൽ ജീവിച്ചുകൊണ്ടു ചെയ്യുന്നതിനേക്കാളും കൂട

തൽ നന്മകരം സ്വർഗ്ഗത്തിലിരുന്നുകൊണ്ടു ചെയ്യുവാൻ കഴിയുമെന്നു് അദ്ദേഹം സമർത്ഥിച്ചു. വിനാശകരമായ ആ പ്രലോഭനങ്ങളിലും കണ്ണുനീരിലും ആലിംഗനങ്ങളിലും മയങ്ങി അനശ്വരവും ഭാസുരവുമായ രക്തസാക്ഷിമകുടം നഷ്ടപ്പെടുത്തിക്കളയരുതെന്നു് അദ്ദേഹം അപേക്ഷിച്ചു. മാതാപിതാക്കന്മാരുടെയും പുത്രകളത്രാദികളുടെയും മാനസാന്തരത്തിനായി, അവരുടെ മുമ്പിൽ സജ്ജീകരിക്കപ്പെട്ടിരിക്കുന്ന കുരിശു് അവർ സംവഹിച്ചേ മതിയാവൂയെന്നു് അദ്ദേഹം സകാരണം വിശദമാക്കി. നിർവ്യതിപൂരകമായ പുരുഷസായുജ്യപടിവാതിലിൽ പാദങ്ങളർപ്പിച്ചു്, വീണ്ടും ദുരിതപൂരിതമായ ലോകത്തിലേയ്ക്കു പ്രത്യാനീതരാകുവാൻ പോകുന്ന അവരുടെ ബുദ്ധിശൂന്യതയെ അദ്ദേഹം ചൂണ്ടിക്കാണിച്ചു.

നിത്യജീവനിൽനിന്നും നിത്യമരണത്തിലേയ്ക്കും നിത്യസൗഭാഗ്യത്തിൽനിന്നും നിത്യദുർഭാഗ്യത്തിലേയ്ക്കും നിത്യസമാശ്വാസത്തിൽനിന്നു നിത്യദുരിതത്തിലേയ്ക്കും ആ ധർമ്മവീരന്മാരെ അധഃപതിപ്പിക്കാതെ വേഗം അവിടെനിന്നു് പിന്തിരിഞ്ഞു പോകണമെന്നു് അദ്ദേഹം ആ പ്രലോഭയിതാക്കളോടും അപേക്ഷിച്ചു.

വികാരഭരിതവും ക്രൈസ്തവചൈതന്യനിർഭരവും തത്വസാരസമ്പൂർണ്ണവുമായ ഈ ഉജ്ജ്വലപ്രഭാഷണം ബന്ധികളായ സഹോദരന്മാരെ പ്രഗാഢം സ്പർശിച്ചു. വിശ്വാസസംരക്ഷണത്തിനുവേണ്ടി മരണംവരിക്കുവാനുള്ള അവരുടെ സുദൃഢമായ സന്നദ്ധതയെ അസന്നിഗ്ദ്ധമായി, അന്തിമമായി അവർ ഏറ്റുപറഞ്ഞു.

ഈ പ്രഭാഷണസമയത്തു് ദേവസ്യാനോസു് അഭൗമമായ ഒരു പ്രകാശപരിവേഷത്താൽ സമാവൃതനാകയും അദ്ദേഹത്തിന്റെ വദനം സ്വർഗ്ഗീയപ്രസാദവരകിരണങ്ങളാൽ പ്രോജ്ജ്വലിക്കയും ക്രിസ്തീയധർമ്മധീരതയാൽ ഭരിതമാവുകയുംചെയ്തു. ആ പ്രഭാവലയത്തിനുള്ളിൽ ആ ഭാസ്വരന്മാരായ ഏഴു സ്വർഗ്ഗീയ പാരിഷദന്മാരുടെ മദ്ധ്യേ ക്രിസ്തനാഥൻ പ്രത്യക്ഷപ്പെടുകയും, ആ പരമകാരുണികൻ ദേവസ്യാനോസിനെ ചുംബിച്ചുകൊണ്ടു്, ''നീ എപ്പോഴും നമ്മോടുകൂടി വസിക്കും'' എന്നു തിരുവായ്മൊഴിഞ്ഞശേഷം തിരോഭൂതനാവുകയും ചെയ്തു. വാനാരുപികം തുയ്യവെള്ളയായ ഒരു ശുഭ്രവസ്ത്രം–വിശുദ്ധിയുടെയും അപ്പോസ്തലത്വത്തിന്റെയും അഭിജ്ഞാനമായ സ്വർഗ്ഗീയവസനം–ദേവസ്യാനോസിനെ ധരിപ്പിക്കുന്നതായും കാണപ്പെട്ടുവെന്നു് സൂരിയസു് എന്ന ചരിത്രകാരൻ പ്രസ്താവിക്കുന്നു.

ഈ അത്ഭുതപ്രകടനങ്ങളാലും മാക്സ്സു്പ്രഭൃതികളുടെ മരണത്തെ അഭിമുഖീകരിക്കുന്നതിനുള്ള നിശ്ചയദാർഢ്യത്താലും ദേവസ്യാനോസിന്റെ പ്രസംഗവൈഭവത്താലും സമാകൃഷ്ടരായി, ആ ധർമ്മധീരന്മാരുടെ മാതാപിതാക്കന്മാരും ഭാര്യാപുത്രന്മാരും അവരെ അനുഗമിക്കുവാൻ സന്നദ്ധരായി. പൊളിക്കാർപ്പു് എന്ന വൈദികൻ യഥാകാലം അവരെ ജ്ഞാനസ്നാപിതരാക്കി.

ജ്ഞാനസ്നാനാവസരത്തിൽ പൊളിക്കാർപ്പച്ചൻ, ടാൻകവിലി നസ്സിനോട്, ''ദൈവസുതനായ യേശുക്രിസ്തു, ജ്ഞാനസ്നാനത്തോടുകൂടി, ആത്മീയപാപങ്ങളോടൊപ്പം ശാരീരികരോഗങ്ങളും നീക്കുവാൻ ശക്തനാണെന്നു വിശ്വസിക്കുന്നുണ്ടോ,'' എന്നു ചോദിച്ചു. ''യേശുക്രിസ്തു, ദൈവപുത്രനാണെന്നും അവിടുത്തേയ്ക്കു പാപവും രോഗവും നീക്കുവാൻ കഴിയുമെന്നും ഞാൻ വിശ്വസിക്കുന്നു. എങ്കിലും ഇപ്പോൾ എന്റെ പാപമോചനത്തിനുവേണ്ടി മാത്രമേ ഞാൻ പ്രാർത്ഥിക്കുന്നുള്ളൂ. അവിടന്നു എന്റെ ശാരീരികരോഗത്തെ ഇനിയും നീക്കുന്നില്ലെന്നുവരികിലും ഞാൻ യേശുക്രിസ്തുവിൽ ദൃഢമായി വിശ്വസിക്കതന്നെ ചെയ്യും'' എന്നാണു പശ്ചാത്താപപരവശനായ ടാൻകവിലിനസ്സു അതിനു മറുപടി പറഞ്ഞതു.

പതിനൊന്നു സംവത്സരങ്ങളായി രക്തവാതത്താൽ പീഡിതനായ ഒരു രോഗിയായിരുന്ന ടാൻകവിലിനസ്സു. അദ്ദേഹത്തിന്റെ കരങ്ങളും തളർന്നു ശക്തിഹീനങ്ങളായിരുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച മാത്രയിൽ കഠിനരോഗാർദ്ദിതനായ ആ വൃദ്ധൻ അത്യത്ഭുതകരമായി യുവസഹജമായ പ്രസരിപ്പോടുകൂടിയ ഒരു അരോഗദൃഢകായനായിപ്പകർന്നു! ടാൻകവിലിനസ്സിനു കുറേക്കാലങ്ങൾക്കു ശേഷം കായസ്സു മാപ്പ്വാപ്പാ പൗരോഹിത്യം നൽകുകയും അദ്ദേഹം വി. പൗലോസിന്റെ കടീരത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കയിൽ കല്ലെറിഞ്ഞു കൊല്ലപ്പെടുകയും ചെയ്തു.

ദേവസ്യാനോസു കാരാഗൃഹത്തിൽവച്ചു നടത്തിയ പ്രസംഗത്തിന്റെ ഫലം വിസ്മയകരമായിരുന്നു. അറുപത്തിയെട്ടുപേരോളം അതുമൂലം മാനസാന്തരപ്പെട്ടുവെന്നു ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു.

റോമായിലെ ഒരു നീതിന്യായോദ്യോഗസ്ഥനായ നിക്കോസ്ട്രാറ്റസും അദ്ദേഹത്തിന്റെ ഭാര്യയായ സോവെ എന്ന മഹിളാരത്നവും അക്കൂട്ടത്തിൽ പെട്ടിരുന്നു. നിക്കോസ്ട്രാറ്റസിന്റെ ഭവനത്തിലായിരുന്നല്ലോ മാർക്കസ്സിനെയും മാർസല്യാനസ്സിനെയും ബന്ധനസ്ഥരാക്കി പാപ്പിച്ചിരുന്നതു. ദേവസ്യാനോസിന്റെ പ്രഭാഷണം സോവെയിലാണു കൂടുതൽ പരിവർത്തനം ഉളവാക്കിയതു. ആ മഹതി ദേവസ്യാനോസിന്റെ പാദങ്ങളിൽ പ്രണമിക്കയും ക്രിസ്തുമതത്തോടുള്ള അനുഭവം നയനങ്ങളിൽ പ്രദ്യോതിപ്പിക്കയും ചെയ്തു. ആറുകൊല്ലമായി നാവുതളർന്നു സംസാരിക്കുവാൻ ശക്തിയില്ലാതിരുന്ന ഒരു ഭാഗ്യഹീനയായിരുന്നു, ആ സ്ത്രീ. സോവെയുടെ മൂകമായ അഭ്യർത്ഥനയനുസരിച്ചു ദേവസ്യാനോസു അവരുടെ നാവിൽ കുരിശടയാളം വരയ്ക്കുയും ''സോവേ സംസാരിക്കുക, നിങ്ങളും ക്രിസ്തുവിൽ വിശ്വസിക്കുന്നുവെന്നു പരസ്യമാക്കുക'' എന്നു പറയുകയുംചെയ്തു. ''ദൈവകുമാരനായ യേശുക്രിസ്തുവിൽ ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു'' എന്നു തൽക്ഷണം ആ സ്ത്രീ സുസ്പഷ്ടമായി ഉദീരണം ചെയ്തു.

ആശ്ചര്യാനന്ദവിവശനായ നിക്കോസ്സ്രാറസ് ദേവസ്യാനോസിനെ ആശ്ലേഷിക്കയും ഹഷ്ശ്രുക്കൾകൊണ്ട് ആ അത്ഭുതപ്രവൃത്തകനെ സംസേചിക്കയും ചെയ്തു. നിക്കോസ്സ്രാറസ് തന്റെ മേൽ നോട്ടത്തിൽ കാരാഗൃഹത്തിൽ പാപ്പിച്ചിരുന്ന ക്രിസ്ത്യാനികളും അക്രൈസ്തവരുമായ സകല ബന്ദികളെയും ഉടനടി മോചിപ്പിച്ചു. ദേവസ്യാനോസ് അവരോടായി, ഹൃദയസ്പർശകമായ ഒരു ധർമ്മോപദേശം നടത്തി. തദ്ഫലമായി, നിക്കോസ്സ്രാറസ്ദമ്പതികളെപ്പോലെ, ജയിലറായ ക്ലാഡിയസും അയാളുടെ പുത്രന്മാരായ ഫെലിച്ചിമൂസ്, ഫേലിക്സ് എന്നിവരും അനേകം അക്രൈസ്തവ ബന്ദികളും ക്രിസ്തുമതം സ്വീകരിക്കുവാൻ തയാറായി. ക്ലാഡിയസ്സിന്റെ പുത്രന്മാർക്കുണ്ടായിരുന്ന രോഗങ്ങളും കഷ്ടവും മഹോദരവും– ജ്ഞാനസ്നാനത്തോടുകൂടി നിശ്ശേഷം നീങ്ങിപ്പോവുകയും ചെയ്തു.

നവജാതമായ ഈ ക്രൈസ്തവസംഘത്തെ നിക്കോസ്സ്രാറസ് തന്റെ വസതിയിൽ ശ്രദ്ധമായി താമസിപ്പിച്ചു. ദേവസ്യാനോസും പൊളിക്കാർപ്പച്ചനും അവർക്കുവേണ്ട ഉത്തേജനവും ഉപദേശവും നൽകിക്കൊണ്ടിരുന്നു. അതിന്റെ ഫലമായി, അവരിൽ പലരും പില്ക്കാലത്തു വേദസാക്ഷികളായിത്തന്നെ മരണമടയുകയും ചെയ്തു. ക്രിസ്തുവിൽ ദൃഢവിശ്വാസിനിയായ സോവെ അപ്പോസ്തലകടീരങ്ങളിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, റോമൻപടയാളികൾ അവരെ പിടികൂടുകയും അഗ്നികുണ്ഡത്തിനു മുകളിൽ തലകീഴായി കെട്ടിത്തൂക്കി തീപ്പുകയേല്പിച്ച് ശ്വാസംമുട്ടിച്ചു കൊല്ലുകയുമാണുണ്ടായതു്.

IV. റോമാഗവർണ്ണരുടെ ക്രിസ്തുമതാശ്ലേഷം

അനുവദിക്കപ്പെട്ടിരുന്ന അവധി തീർന്നപ്പോൾ, ഗവർണ്ണരായ ക്രോമേഷ്യസ്, ടാൻകവിലിനസ്സിനെ തന്റെ സന്നിധിയിൽ വരുത്തി. ടാൻകവിലിനസ്സ് ഉണ്ടായ സംഭവങ്ങളെല്ലാം അപ്പാടെ ഗവർണ്ണരെ ധരിപ്പിച്ചു. ക്രിസ്തുമതത്തെപ്പറ്റി ഗവർണ്ണർ ധരിച്ചുവച്ചിരുന്ന ആബദ്ധങ്ങളും, ടാൻകവിലിനസ്സ് സന്ദർഭോചിതമായും സയുക്തികമായും തിരുത്തുവാൻ ശ്രമിച്ചു. ക്രിസ്തീയവിശ്വാസസംഹിതയുടെ സത്യവ്യവത്തെയും ദിവ്യത്വത്തെയുംപറ്റി അദ്ദേഹം പ്രതിപാദിച്ചു. ദേവസ്യാനോസ് നിക്കോസ്സ്രാറസ് മുതലായവർപോലും ക്രിസ്ത്യാനികളാണെന്നും ജ്ഞാനസ്നാനവേളയിൽ അത്ഭുതകരമായ രോഗശമനങ്ങളുണ്ടായെന്നും അറിഞ്ഞപ്പോൾ ക്രോമേഷ്യസിനും ക്രിസ്തുമതത്തോടു് ആഭിമുഖ്യം തോന്നിത്തുടങ്ങി.

അദ്ദേഹവും രക്തവാതരോഗത്താൽ ദുസ്സഹമായ വേദനയനുഭവിച്ചുവരികയായിരുന്നു. ആ രോഗം സുഖപ്പെടുത്തിയാൽ ഒരു നല്ല തുക പാരിതോഷികം നൽകാമെന്നു് അദ്ദേഹം വാഗ്ദാനംചെയ്തു. ഭൗതികമായ യാതൊരു പാരിതോഷികവും ആ രോഗശമനത്തിനു് പര്യാപ്തമല്ലെന്നും അതിനുള്ള സിദ്ധൗഷധം ക്രിസ്തുവിലുള്ള ദൃഢവിശ്വാ

സം മാത്രമാണെന്നും ട്രാൻക്വിലിനസ്സ് പ്രതിവചിച്ചു. അതനുസരിച്ച് ക്രിസ്തുമതതത്വങ്ങളെപ്പറ്റി കൂടുതലായറിയുവാൻ അടുത്തദിവസം ദേവസ്യാനോസിനെയും പൊളിക്കാപ്പച്ചനെയും തന്റെ സന്നിധിയിൽ ആനയിക്കണമെന്നും ഗവർണർ ആവശ്യപ്പെട്ടു.

പിറേറദിവസം ദേവസ്യാനോസ് ഫാദർ പൊളിക്കാപ്പ് എന്നിവരോടുകൂടി ട്രാൻക്വിലിനസ്സ് ഗവർണരുടെ വസതിയിലെത്തി. അവർ ഗവണ്മെന്റുമായി ദീർഘനേരം ക്രൈസ്തവവേദതത്വങ്ങളെക്കുറിച്ചു സംസാരിച്ചു. രോഗശാന്തിയുണ്ടാകുമെങ്കിൽ ആശാസ്യമായ പ്രതിഫലം നൽകാമെന്നായിരുന്നു അപ്പോഴും അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നത്. ക്രിസ്തുവിൽ വിശ്വസിക്കണമെന്നും തദ്വാരാ ആത്മീയവും ശാരീരികവുമായ രോഗശമനമുണ്ടാകുമെന്നും ദേവസ്യാനോസും ഫാദർ പൊളിക്കാപ്പും ഉപദേശിച്ചു.

ക്രോമേഷ്യസ് ക്രിസ്തുവിൽ വിശ്വസിക്കാമെന്നായി. ലൗകികമായ ഫലേച്ഛയോടുകൂടി ഒരു നാമമാത്രമായ വിശ്വാസവാശ്ചാനമായിരുന്നു അതെന്നു് ദേവസ്യാനോസിനറിയാമായിരുന്നു. ലൗകികമായ ഉദ്ദേശങ്ങളും വിഗണിച്ചു്, പാരത്രികമായ ഏകലക്ഷ്യത്തോടുകൂടിയായിരിക്കണം ജ്ഞാനസ്നാനം സ്വീകരിക്കുവാനെന്നു് ദേവസ്യാനോസ് ഗവർണരെ ഉൽബോധിപ്പിച്ചു. ഗവർണരുടെ വിശ്വാസസാക്ഷീകരണത്തിനായി അദ്ദേഹത്തിന്റെ വസതിയിലുണ്ടായിരുന്ന റോമാദേവന്മാരുടെ വിഗ്രഹങ്ങളെല്ലാം നശിപ്പിക്കണമെന്നും ദേവസ്യാനോസ് ആവശ്യപ്പെട്ടു. ക്രോമേഷ്യസ് അതു് ഒരുവിധം സമ്മതിച്ചു.

ശില്പാഭിരാമമായ ഇരുന്നൂറോളം പ്രതിമകളും തകർത്തുപൊടിച്ചു. എന്നിട്ടും ക്രോമേഷ്യസിനു് സുഖപ്രാപ്തിയുണ്ടായില്ല. അദ്ദേഹം പ്രതിമാധ്വംസകരെ കഠിനമായി ശകാരിച്ചു. രോഗശാന്തിയുണ്ടാകാത്തപക്ഷം ദേവസ്യാനോസിനെയും പൊളിക്കാപ്പിനെയും അഗ്നികുണ്ഡത്തിലിട്ടു് സത്വരം ദഹിപ്പിക്കുമെന്നും ക്രോമേഷ്യസിന്റെ പുത്രനായ തീബൂഷ്യസ് ആക്രോശിച്ചു.

ഇനിയും നശിപ്പിക്കപ്പെടുവാൻ വിഗ്രഹങ്ങളും അവശേഷിക്കുന്നുണ്ടെന്നു് ദേവസ്യാനോസ് സധൈര്യം മറുപടി പറഞ്ഞു. ശില്പകലാവൈശിഷ്ട്യത്തിന്റെ വിശ്വോത്തരമാതൃകകളായി ക്രോമേഷ്യസ് സൂക്ഷിച്ചിരുന്ന ആമൂല്യനിധികളും, ഗത്യന്തരമില്ലായ്മയാൽ, ഉടൻതന്നെ നശിപ്പിക്കപ്പെട്ടു. പ്രതിമകളെല്ലാം വിശീർണ്ണമായ മാത്രയിൽ ക്രോമേഷ്യസ് രോഗവിമുക്തനായി. സദ്യോജാതമായ ഈ അത്ഭുതപ്രകടനം ക്രോമേഷ്യസിന്റെയും പുത്രന്റെയും കണ്ണു തുറപ്പിച്ചു. ക്രിസ്തുമതസംബന്ധമായ സമഗ്രജ്ഞാനം സമ്പാദിച്ചശേഷം, പൊളിക്കാപ്പച്ചന്റെ പക്കൽനിന്നും അവർ ജ്ഞാനസ്നാനം സ്വീകരിക്കയുംചെയ്തു.

തീബൂഷ്യസ് അഞ്ചാംപട്ടം സ്വീകരിച്ചു്, ദേവസ്യാനോസിന്റെ ആപ്തമിത്രമായി, വിശ്വാസതീക്ഷ്ണതയുള്ള ഒരു ക്രിസ്ത്യാനി

യായി ജീവിതം നയിച്ചു്, കാലാന്തരത്തിൽ രക്തസാക്ഷിയായി മരിക്കയും ക്രോമേഷ്യസ് ഗവർണർസ്ഥാനം രാജിവച്ചു് സുകൃതപരിപൂർണ്ണമായ ജീവിതം നയിച്ചു് മരണാനന്തരം വിശുദ്ധനാവുകയും ചെയ്തു.

ഉദ്യോഗം രാജിവച്ച ക്രോമേഷ്യസ് അനാർഭാടവും സമാധാനപരവുമായ ക്രിസ്തീയ ജീവിതം നയിക്കുന്നതിനായി, കമ്പാനിയാ എന്ന ഗ്രാമത്തിലേയ്ക്കു് പോകുവാൻ ഒരുങ്ങി. നൂതനക്രിസ്ത്യാനികളിൽ പലരും അദ്ദേഹത്തെ അനുഗമിച്ചു. ഈ ക്രിസ്തീയോപനിവേശസംഘത്തിന്റെ നേതൃത്വം വഹിക്കുവാൻ ദേവസ്യാനോസിനോടു പേക്ഷിച്ചു. റോമയിൽ തന്നെ താമസിച്ചു് രക്തസാക്ഷിയായി മരിക്കുവാൻ തീവ്രമായി അഭിലഷിച്ചിരുന്ന ദേവസ്യാനോസ് കമ്പാനിയായിലേയ്ക്കു് പുറപ്പെടുവാൻ വൈമനസ്യം പ്രകടിപ്പിച്ചു. ക്രൈസ്തവധർമ്മപ്രചാരണത്തിൽ ദേവസ്യാനോസിന്റെ ദക്ഷിണഹസ്തമായി, തീക്ഷ്ണതാപൂർവ്വം പ്രവർത്തിച്ചിരുന്ന പൂജ്യപുരോഹിതനായ പൊളിക്കാപ്പും പ്രശാന്തരമണീയവും, സുരക്ഷിതസങ്കേതവുമായ കമ്പാനിയായിലേയ്ക്കു പോകുവാൻ വൈമുഖ്യം പ്രദർശിപ്പിച്ചു. എത്രയുംവേഗം രക്തസാക്ഷിത്വം വരിക്കണമെന്നുള്ളതായിരുന്ന അദ്ദേഹത്തിന്റെയും ആഗ്രഹം. റോമയിൽ താമസിക്കുന്നവർക്കായിരിക്കും ആദ്യമായി ആ ഭാഗ്യം ലഭിക്കുക. ഈ രണ്ടുപേരിൽ ആരെങ്കിലുമൊരാൾ കമ്പാനിയായിലേയ്ക്കു പോയേമതിയാകുമായിരുന്നുള്ളൂ.

രക്തസാക്ഷിത്വത്തിനുവേണ്ടിയുള്ള ഈ സ്നേഹസ്പർദ്ധമായ മത്സരം മാപ്പ്യാപ്പായുടെ തീരുമാനത്തിനു വിധേയമായി. പൊളിക്കാപ്പച്ചൻ കമ്പാനിയായിലെ ക്രിസ്ത്യാനികളുടെ ആത്മീയനേതൃത്വം വഹിക്കണമെന്നും, ദേവസ്യാനോസ് റോമായിൽതന്നെ താമസിച്ചു് ക്രിസ്ത്യാനികളെ ധൈര്യപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യണമെന്നുമായിരുന്നു പരിശുദ്ധ പിതാവിന്റെ തീരുമാനം.

മാപ്പ്യാപ്പായുടെ കല്പന രണ്ടുപേരും സസന്തോഷം ശിരസാവഹിച്ചു. അന്തിമതീരുമാനം തനിക്കു് അനുകൂലമായിരുന്നു എന്നുകരുതി ദേവസ്യാനോസ് ആത്മസംഭാവനകൊള്ളുകയോ, തനിക്കു് പ്രതികൂലമായിരുന്നതുകൊണ്ടു് പൊളിക്കാപ്പച്ചൻ നിരാശനാകയോ ചെയ്തില്ല. ദൈവഹിതത്തിന്റെ പ്രസ്പഷ്ടമായ ഒരു പ്രകടനമായി അവർ അതിനെ ഗണിച്ചു.

ദേവസ്യാനോസ് ഡയോക്ലിഷ്യൻ ചക്രവർത്തിയുടെ സേനാനിയും അംഗരക്ഷകപ്രധാനനുമായിരുന്നതുപോലെ, മാപ്പ്യാപ്പായുടെ സഹായകനും ക്രിസ്തീയവിശ്വാസസംരക്ഷകനായ ധർമ്മഭടനും അത്മായാപ്പോസ്തലനുമായി റോമിൽ താമസിച്ചുവന്നു.

V. ദ്വിഗ്രണീകൃതമായ രക്തസാക്ഷിത്വം

രക്തച്ചൊരിച്ചിലിന്റെ സമയം ആസന്നമായി. അബലയായ സോഫെ അഗ്നികുണ്ഡത്തിൽ തലകീഴായി ഞാന്നുകിടന്നു. വീർപ്പുമുട്ടി മരിച്ച ട്രാൻക്വിലിനസ്സ് കല്ലെറിഞ്ഞു കൊല്ലപ്പെട്ട. നിക്കോസ്ട്രാറ്റസും ക്ലാഡിയസും കഴുത്തിൽ കല്ലുകെട്ടി ടൈബർ നദിയിലേയ്ക്കു് എറിയപ്പെട്ട. തിബൂഷ്യസ്സിനെയും മാർക്കസിനെയും മാർസല്യാനസ്സിനെയും സൂചീഗ്രസ്തംഭങ്ങളിൽ കിടത്തി കുന്തംകൊണ്ടു കുത്തിക്കീറിക്കൊന്നു.

ദേവസ്യാനോസ് അത്യാകാംക്ഷാപൂർവ്വം പ്രതീക്ഷിച്ചിരുന്ന ആ മഹാഭാഗ്യം – രക്തസാക്ഷിമകുടം ചൂടുവാനുള്ള അസുലഭാവസരം– അദ്ദേഹത്തിനും കരഗതമായി. ദേവസ്യാനോസ് ഒരു ക്രിസ്ത്യാനിയാണെന്നു് ചക്രവർത്തി അറിഞ്ഞു.

ഡയോക്ലിഷ്യൻ, ആ പ്രിട്ടോറിയൻ സേവകാഗ്രിമനെ തന്റെ സന്നിധിയിൽ വരുത്തി. ദേവസ്യാനോസ് ക്രിസ്തുമതം സ്വീകരിച്ചിരിക്കുന്നതുമൂലം സാമ്രാജ്യത്തോടും സാമ്രാട്ടിനോടും വലിയ ദ്രോഹമാണു് പ്രവർത്തിച്ചിരിക്കുന്നതെന്നും അതു് കൊടിയവഞ്ചനയും നന്ദികേടുമായിത്തീരുമെന്നും അതുവഴിയായി അദ്ദേഹത്തിനു സംഭവിക്കാവുന്ന ആപത്തു് ഭയങ്കരമാണെന്നും, നഷ്ടം അചിന്ത്യമാണെന്നും നൂതനമായ വിദ്ധ്വംസകമതം ഉപേക്ഷിച്ചു് റോമാദേവന്മാർക്കു് ധൂപാർച്ചനം ചെയ്താൽ അദ്ദേഹത്തിന്റെ സമസ്താപരാധങ്ങളും ക്ഷമിച്ചു് മാപ്പുകൊടുക്കാമെന്നും, തൻമൂലം പൂർവ്വോപരി പ്രതാപൈശ്വര്യങ്ങളും അദ്ദേഹത്തിനു സംസിദ്ധമാകുമെന്നും നയകോവിദനായ ആ റോമാധിപതി ദേവസ്യാനോസിനോടു സാവകാശമായും വാചാലമായും പ്രസംഗിച്ചു.

താൻ ആരോടും യാതൊരു വഞ്ചനയും ദ്രോഹവും പ്രവർത്തിച്ചിട്ടില്ലെന്നും താൻ തീർച്ചയായും നന്ദികേടനല്ലെന്നും, ചക്രവർത്തിയോടും സാമ്രാജ്യത്തോടുമുള്ള തന്റെ കടമകളും വിശ്വസ്തതാപൂർവ്വം നിർവ്വഹിച്ചിട്ടുണ്ടെന്നും ദേവസ്യാനോസ് രാജസമക്ഷം നിവേദനം ചെയ്തു. ഒരു യഥാർത്ഥക്രിസ്ത്യാനിക്കു് തന്റെ ലൗകികാധികാരിയെ വഞ്ചിക്കുവാനോ, തന്റെ കടമകളും നിറവേറാതിരിക്കുവാനോ സാധ്യമല്ലെന്നു് അദ്ദേഹം യുക്തിപൂർവ്വം വ്യക്തമാക്കി. ''അധികാരങ്ങളെല്ലാം ദൈവത്തിൽനിന്നുള്ളതാണെന്നു്'' ക്രിസ്ത്യാനികൾ വിശ്വസിക്കുന്നുവെന്നു അദ്ദേഹം പറഞ്ഞു. വ്യവസ്ഥാപിതാധികാരങ്ങളെ സമാദരിക്കുന്നതിൽ ക്രിസ്ത്യാനികൾ എല്ലാവർക്കും അനുകരണീയരാണെന്നു് അദ്ദേഹം തെളിയിച്ചു. ക്രിസ്ത്യാനിയെന്ന നിലയിൽ തന്റെ പ്രാർത്ഥനകളിലും ആരാധനകളിലും റോമാസാമ്രാജ്യത്തിന്റെയും സാമ്രാജ്യാധിപന്റെയും ശ്രേയസ്സിനായി ദൈവാനുഗ്രഹം യാചിച്ചിട്ടുണ്ടെന്നും, റോമാസാമ്രാജ്യം ദൈവകോപത്തിൽനിന്നു് അകന്നകന്നു പോകുവാൻ ആ പ്രാർത്ഥനകൾ പക്ഷേ, ഉപകരിച്ചിട്ട

ണ്ടായിരിക്കുമെന്നും ദേവസ്യാനോസ്സ് തുടർന്നുപറഞ്ഞു. തന്നിൽ സ്ഥിതിചെയ്യുന്ന അനശ്വരമായ ആത്മസത്ത റോമാചക്രവർത്തിക്കുള്ളതല്ലെന്നും ചക്രവർത്തികളുടെ ചക്രവർത്തിയും സ്വർഗ്ഗീയരാജരാജേശ്വരനുമായ ക്രിസ്തുനാഥന്റെ തൃച്ചേവടികളിൽ കാണിക്കവെക്കേണ്ടതാണെന്നും, അവിടുത്തേയ്ക്കു വേണ്ടിയല്ലാതെ തന്റെ ആത്മാവ് ബലികഴിക്കപ്പെടുകയില്ലെന്നും, തന്റെ മതവിശ്വാസത്തിൽ കൈകടത്തുവാൻ ചക്രവർത്തിക്കവകാശമില്ലെന്നും അബദ്ധസമ്പൂർണ്ണമായ റോമൻ മതത്തിന്റെ വിഗ്രഹാരാധനയ്ക്കായി ഒരുനാളും തന്റെ ശിരസ്സ് കുനിയുകയില്ലെന്നും ദേവസ്യാനോസ്സ് അത്യുജ്ജ്വലമായ സ്വരത്തിൽ ആ നിറഞ്ഞ രാജസദസ്സിൽ ഖണ്ഡിതമായി പ്രസ്താവിച്ചു.

ക്രോധാവിഷ്ടനായ ചക്രവർത്തി ചണ്ഡാളോചിതമായ ശകാരാക്രോശങ്ങളാൽ ദേവസ്യാനോസിനെ അധിക്ഷേപിച്ചു. ധൈര്യശീനായ ദേവസ്യാനോസ്സ് ആ പ്രചണ്ഡാട്ടഹാസങ്ങളുടെ മുമ്പിൽ, അക്ഷോഭ്യനായിനിന്നുകൊണ്ട്, തന്റെ ധൈര്യൗദാത്യം നിവ്വഹിച്ചു.

അമർഷാന്ധനായ ഡയോക്ലിഷ്യൻ, ദേവസ്യാനോസിനെ ഒരു മരത്തിൽ കെട്ടിനിർത്തി സാവധാനമായി അമ്പെയ്തു കൊല്ലുവാൻ കല്പന നൽകി.

ഡയോക്ലിഷ്യന്റെ അംഗരക്ഷകസൈന്യാധിപനായ ദേവസ്യാനോസ്സ് പിറേറദിവസം ഒരു മഹാപാതകിയെപ്പോലെ, ബന്ദിയായി, അവഹേളിതനായി പട്ടാളക്കാരുടെ അകമ്പടിയോടുകൂടി വധസ്ഥലമായ അഡോണീസുദ്യാനത്തിലേയ്ക്ക് ആനയിക്കപ്പെട്ടു. പരിസരസ്ഥിതികർക്കശ അജാഗരൂകനായി, പാരത്രികചിന്താഭരിതനായി, അത്യാസന്നമായ ധർമ്മസാക്ഷിമകുടധാരണത്തിൽ ദത്താവധാനനായി, സ്വർഗ്ഗീയാനന്ദനിർല്ലീനനായി ദേവസ്യാനോസ് അവിടെ നിന്നു.

വില്ലാളിവീരന്മാർ ദേവസ്യാനോസിന്റെ വസ്ത്രങ്ങൾ നീക്കി അദ്ദേഹത്തെ ദിഗംബരനാക്കി, ഒരു മരത്തോടുചേർത്തു ബന്ധിച്ചു. ദേവസ്യാനോസ്സ് അദ്ദേഹത്തിന്റെ ആത്മത്യാഗം, മർദ്ദനമനുഭവിക്കുന്ന തിരുസ്സയ്ക്കുവേണ്ടി ദൈവസന്നിധിയിൽ സമർപ്പിക്കയും തന്റെ രക്ഷാപ്പണം അവമർദ്ദിതമായ തിരുസ്സയ്ക്ക് ആശ്വാസകരമാകട്ടെയെന്നു പ്രാർത്ഥിക്കയും ചെയ്തു. അതേത്തുടർന്ന് അദ്ദേഹം സ്വർഗ്ഗീയമായ ഒരു സമാധിയിൽ ലയിച്ചു, അനന്തരതപൂവ്വമായ ദിവ്യാനന്ദത്തിൽ ആമജ്ജിതനായി. വാനാരൂപികൾ അദ്ദേഹത്തെ അണിയിക്കുവാൻ രക്തസാക്ഷിമകുടം അലങ്കരിക്കുന്നതായും, അദ്ദേഹത്തിന്റെ മുൻഗാമികളായ ധർമ്മസാക്ഷിവീരന്മാരും പുണ്യവാന്മാരും അദ്ദേഹത്തിനു സ്വർഗ്ഗീയപീഠം സജ്ജമാക്കുന്നതായും സ്വർഗ്ഗീയനാഥൻ ഈ സ്വീകരണസംരംഭത്തെ ആശീർവ്വദിക്കുന്നതായും അദ്ദേഹത്തിനു തോന്നി. സൂര്യപ്രകാശത്തെ വെല്ലുന്ന ഒരു ഉജ്ജ്വലപ്രഭാപ്രസരത്താൽ ദേവസ്യാനോസിന്റെ മുഖം പ്രസന്നമായിരിക്കുന്നതായി വില്ലാളികൾ കണ്ടു.

(15)
CHILDREN'S LIBRARY

ലക്ഷ്യജ്ഞന്മാരായ ആ നിഷ്ക്കണ്ടകന്മാർ ദേവസ്യാനോസിന്റെമേൽ ശരവർഷം ആരംഭിച്ചു. അസ്സൂപാരമ്പറ്റു് ദേവസ്യാനോസു് തളർന്നു. അദ്ദേഹത്തിന്റെ രോമകൂപങ്ങളിൽനിന്നും ബാണങ്ങൾ തുളഞ്ഞുകയറി. അമ്പുകൾ തറച്ചു് ആപാദചൂഡം മുറിഞ്ഞു രക്തധാരധാരയായി ഒഴുകി. തുരുതുരെ വർഷിച്ച ഈ അസ്ത്രവൃഷ്ടിയാൽ ദേവസ്യാനോസു് അസഹനീയമായ പ്രാണവേദനയനുഭവിച്ചു. ഒരു രക്തസാക്ഷിയുടെ സുധീരമായ ഹൃദയത്തോടും, സുദൃഢമായ വിശ്വാസത്തോടും, സുസ്ഥിരമായ ക്ഷമയോടും സ്വർഗ്ഗീയമായ പ്രത്യാശയോടുംകൂടി അദ്ദേഹം അതെല്ലാം സഹിച്ചു. രക്ഷാകരമായ 'ഈശോ' എന്ന തിരുനാമം മാത്രം അദ്ദേഹം ഉച്ചരിച്ചിരുന്നു.

ഒരൊറ്റബാണം പ്രയോഗിച്ചു് അവർക്കു് അദ്ദേഹത്തെ വധിക്കാമായിരുന്നു. പക്ഷേ സർവ്വാംഗം അസ്സൂം തുളച്ചുകയറി, പരിക്ഷതനാക്കി, പരിക്ഷീണനാക്കി, രക്താസിക്തനാക്കി, ഇഞ്ചിഞ്ചായി, ആ അംഗരക്ഷകവീരനെ കൊല്ലണമെന്നായിരുന്നു ചക്രവർത്തിയുടെ കല്പന.

ആ യമകിങ്കരന്മാർ റോമൻ നരേന്ദ്രന്റെ മൃഗീയമായ അഭിലാഷം അക്ഷരശ്ശഃ നിറവേറ്റി. ദേവസ്യാനോസിന്റെ തല ചാഞ്ഞുവീണു കണ്ണുകൾ അടഞ്ഞു. അദ്ദേഹം വിഗതപ്രാണനെപ്പോലെ ബോധരഹിതനായി.

ദേവസ്യാനോസു് മരിച്ചിരിക്കുമെന്നുകരുതി, ആരാച്ചാരന്മാർ അദ്ദേഹത്തെ അവിടെ ഉപേക്ഷിച്ചിട്ടുപോയി. പ്രീട്ടോറിയൻ അംഗരക്ഷകപ്രധാനനായ ദേവസ്യാനോസു് ശരവിദ്ധനായി മരണം പ്രാപിച്ചുവെന്നുള്ള വാർത്ത റോമാസാമ്രാജ്യം മുഴുവൻ വ്യാപിച്ചു.

ദേവസ്യാനോസിന്റെ മൃതശരീരം സംസ്കരിക്കുന്നതിനായി, കസ്തുലസ്സു് എന്ന ധർമ്മസാക്ഷിയുടെ വിധവയായ ഐറീൻ എന്ന ഭക്തസ്ത്രീ അഡോണിസു് തോപ്പിൽ വന്നു്, ദേവസ്യാനോസിന്റെ ശരീരം പരിശോധിച്ചു. ശരക്ഷതമായ ആ ശരീരത്തിൽ നിന്നു്, രക്തം മുഴുവൻ വാർന്നുപോയിരുന്നെങ്കിലും, അതിൽ ജീവൻ തങ്ങിനിൽപ്പുണ്ടെന്നു് അവർക്കു ബോധ്യമായി. ആ ക്രിസ്ത്യീയവനിത അദ്ദേഹത്തെ, തന്റെ വീട്ടിലേയ്ക്കു് എടുത്തുകൊണ്ടുപോയി.

ഐറീന്റെ സനിഷ്ക്കർഷമായ പരിചരണങ്ങളും ചികിത്സയും കൊണ്ടു് മുറിവുകൾ ഉണങ്ങുകയും അദ്ദേഹം അചിരേണ സ്വസ്ഥനാവുകയും ചെയ്തു. രക്തസാക്ഷിത്വത്തെ തീവ്രമായി അഭിലഷിക്കുകയും, രക്തസാക്ഷിത്വത്തിന്റെ കഠോരപീഡനങ്ങൾ സഹിക്കയും രക്തസാക്ഷിയായി മരിച്ചുവെന്നു് വിശ്വസിക്കയും ചെയ്ത ദേവസ്യാനോസു് വീണ്ടും സജീവനായി പൈശാചികപരീക്ഷണങ്ങൾക്കു വിധേയമായ ലോകത്തിലേയ്ക്കു് പ്രത്യാനീതനായതിൽ അദ്ദേഹത്തിനു് അപാരമായ കണ്ണീതമുണ്ടായി. സ്വർഗ്ഗകവാടങ്ങൾ വരെ ഉയർന്ന തന്റെ ആത്മാവു് വീണ്ടും വഞ്ചനാചഞ്ചലമായ ലോകത്തിലേയ്ക്കു് തിരസ്കൃതമായല്ലോയെന്നു് അദ്ദേഹം ആവലാതി

പ്പെട്ട എങ്കിലും, പരമകാരുണികനായ സർവ്വദർശിയുടെ അദൃശ്യകര ങ്ങളും നവീനവും മഹനീയവുമായ ഏതോ ഉദ്ദേശസാദ്ധ്യത്തിനു് തന്നെ ഉപകരണമാക്കുവാൻ വിചാരിക്കുന്നുണ്ടായിരിക്കുമെന്നു് ആ ധർമ്മവീരൻ സമാശ്വസിച്ചു.

ദേവസ്യാനോസു് പരിപൂർണ്ണാരോഗ്യപ്രാപ്തനായാൽ ഉടൻതന്നെ റോമാവിട്ടു് സുരക്ഷിതമായ ഏവിടെയെങ്കിലും അജ്ഞാതവാസം ചെയ്യുയായിരിക്കും നല്ലതെന്നു ക്രിസ്ത്യാനികളായ മിത്രങ്ങൾ നിർദ്ദേശിച്ചു. ദ്വിതീയ രക്തസാക്ഷിത്വത്തെ ഉൽക്കണ്ഠാപൂർവ്വം പ്രതീക്ഷി ച്ചിരുന്ന ദേവസ്യാനോസു്, അവരുടെ സ്നേഹപൂർവ്വമായ അപേക്ഷ യെ നിരാകരിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ.

പൂർണ്ണാരോഗ്യം പ്രാപിക്കുന്നതിനുമുമ്പു്, ഒരുദിവസം, ദേവ സ്യാനോസു് ചക്രവർത്തിയുടെ അരമനയിലേയ്ക്കു് കടന്നുചെന്നു. കോവണിപ്പടിയിൽവച്ചു് അദ്ദേഹം ചക്രവർത്തിയെ കണ്ടുമുട്ടി. അ ധികാരദ്യോതകമായ സ്വരത്തിൽ അദ്ദേഹം ചക്രവർത്തിയെ സംബോ ധനചെയ്തു. ബഹുമാനോപചാരങ്ങൾകൂടാതെ, മര്യാദഹീനമായി, തന്നെ സംബോധനചെയ്ത ആ രാജദ്രോഹിയെ ചക്രവർത്തി തുറിച്ചു നോക്കി. ദേവസ്യാനോസു് പ്രശാന്തഗംഭീരനായി, അചഞ്ചലനാ യി നിന്നുകൊണ്ടു്, നിർദ്ദോഷികളും റോമാസാമ്രാജ്യത്തിന്റെ യഥാർത്ഥ ഗുണകാംക്ഷികളുമായ ക്രിസ്ത്യാനികളെ നിഷ്ക്കരുണം പീഡിപ്പിക്കുന്ന ചക്രവർത്തിയുടെ നീചമായ അനീതിയെ നിശി തമായി അപലപിച്ചു. ഈ അവിമൃശ്യകാരിതയുടെ ദാരുണഫലം ആ നൃശംസൻ അനുഭവിക്കുമെന്നും. അയാൾ സത്വരം സാമ്രാജ്യ ത്തിൽനിന്നും നിഷ്ക്കാസിതനാകുമെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു.

ദേവസ്യാനോസു് മരിച്ചുവെന്നുതന്നെ പുനരുജ്ജീവിതനായി തന്റെ മുമ്പിൽ ആഗതനായിരിക്കയാണെന്നു വിചാരിച്ചു്, ചക്ര വർത്തി അന്ധാളിച്ചുവശായി. സംഭ്രമവും കോപവുംകൊണ്ടു ഡയോ ക്ലീഷ്യൻ വിറച്ചു.

ദേവസ്യാനോസു് മരിച്ചുപോയില്ലെന്നു് പിന്നീടു ചക്രവർത്തി ക്കു മനസ്സിലായി. ക്രോധാന്ധനായ ചക്രവർത്തി തന്റെ മുമ്പിൽ വച്ചുതന്നെ ദേവസ്യാനോസിനെ ഗദകൊണ്ടു് അടിച്ചുകൊല്ലുവാൻ പടയാളികളോടു് ഗർജ്ജിച്ചു.

ക്ഷീണഗാത്രനായ ദേവസ്യാനോസു് രാജകൊട്ടാരത്തിന്റെ ചത്വരത്തിൽ നിർത്തപ്പെട്ടു. ഗദാധാരികളായ പടയാളികളും അദ്ദേ ഹത്തിന്റെ കഥ കഴിക്കുവാൻ സന്നദ്ധരായി. കിരാതനായ ഒരു പടയാളി ദേവസ്യാനോസിന്റെ ശിരസ്സിൽ ഗദകൊണ്ടു് ആഞ്ഞൊ രടി അടിച്ചു.

ക്രൂരനായ ചക്രവർത്തിയുടെ അഭിനിവേശം നിറവേറി. ദേവ സ്യാനോസിന്റെ ചിരപ്രാർത്ഥിതമായ അഭിലാഷം സഫലമായി. സ്വർഗ്ഗീയ കവാടങ്ങളും ആ രക്തസാക്ഷിക്കായി തുറക്കപ്പെട്ടു. അദ്ദേ

ഹത്തിന്റെ ആത്മാവു് സമാധാനപൂർവ്വം ദേഹവിയോഗം ചെയ്തു് ക്രിസ്തുവിനോടുകൂടി സായുജ്യമടഞ്ഞു.

ക്രി. വ. 288 ജനുവരി 20-ാം തീയതിയാണു് ഈ സംഭവം നടന്നതു്. ദേവസ്യനോസിന്റെ മൃതദേഹം രാജാജ്ഞയനുസരിച്ചു് റൈബർനദിയിൽ ചെന്നു ചേരുന്ന ദുർഗന്ധപൂരിതമായ ഒരു ഓടയിൽ തള്ളപ്പെട്ടു. അതു്, ക്രിസ്ത്യാനികളം ഒരിക്കലും കണ്ടുപിടിക്കയില്ലെന്നും, അവിടെക്കിടന്നു് ചീഞ്ഞഴിഞ്ഞു് കൃമികളംക്കിരയായിത്തീരുമെന്നുമായിരുന്നു അവർ വിചാരിച്ചിരുന്നതു്.

ധർമ്മസാക്ഷിയായ ദേവസ്യനോസിന്റെ മൃതദേഹം ശത്രുക്കളം എവിടെയെറിഞ്ഞുകളഞ്ഞുവെന്നറിയാതെ ക്രിസ്ത്യനികളം വിഷമിച്ചു. ഒരുദിവസം ലൂസീനാ എന്ന ക്ഷേത്രസ്ത്രീക്കു് വിശുദ്ധൻ പ്രത്യക്ഷനായി, തന്റെ ശരീരം കിടക്കുന്ന സ്ഥലം അവരെ അറിയിച്ചു. സന്തുഷ്ടചിത്തരായ ക്രിസ്ത്യാനികളം, ലൂസീനായുടെ നേതൃത്വത്തിൽ പ്രസ്തുത സ്ഥലത്തുചെന്നു് ദേവസ്യനോസിന്റെ പൂജ്യശരീരാവശിഷ്ടങ്ങളം കണ്ടെടുത്തു.

അക്കാലങ്ങളിൽ, രക്തസാക്ഷികളുടം സുകൃതികളുമായ ക്രിസ്ത്യനികളുടെ മൃതദേഹങ്ങളം സംസ്കരിച്ചിരുന്നതു്, ഭൂഗർഭസ്ഥങ്ങളായ കല്ലറകളിലായിരുന്നു. ഈ സംസ്കാരഗൃഹകളെ കാറാകോംബ്സു് (Catacombs) എന്നു വിളിച്ചുവരുന്നു. മതപീഡനകാലങ്ങളിൽ ദിവ്യപൂജാപ്പണത്തിനും അജ്ഞാതവാസത്തിനും ഈ ഗൃഹകളിൽ സൗകര്യങ്ങളുണ്ടായിരുന്നു. ഭൂമിക്കടിയിൽ അനേകശതം ചതുരശ്രമൈൽ വിസ്താരത്തിൽ തുരന്നുണ്ടാക്കപ്പെട്ടവയായിരുന്ന ഈ സംസ്കാരഗഹരങ്ങളം. മൃതശരീരം തുണിയിൽ പൊതിഞ്ഞു് കല്ലറയിൽ നിക്ഷേപിച്ചശേഷം, അതിന്റെ മുൻഭാഗം സ്മാരകലിഖിതം കൊത്തിയ മാർബിംപ്പലകകൊണ്ടു് അടയ്ക്കും. സ്മാരകലേഖനങ്ങളിൽ അടക്കപ്പെട്ട (Buried) എന്നതിനുപകരം, നിക്ഷേപിക്കപ്പെട്ട (Deposited) എന്ന പദമാണു് ഉപയോഗിച്ചിരുന്നതു്. പിൽക്കാലങ്ങളിൽ ഈ ശവകുടീരങ്ങളിലേയ്ക്കുള്ള പ്രവേശനദ്വാരങ്ങളം വലുതാക്കയും, നിലയറകളിൽ വാതായനങ്ങളം നിർമ്മിക്കയും കുടീരങ്ങളുടെ മുകളിൽ ദേവാലയങ്ങളം സ്ഥാപിക്കയും ചെയ്തിട്ടുണ്ടു്.

രക്തസാക്ഷികളുടെയും പുണ്യവാന്മാരുടെയും കുടീരങ്ങളം നിറഞ്ഞ റോമായിലെ ഈ പുരാതന ശവസംസ്കാരഗൃഹകളം, ഇന്നും ഒരു ദിവ്യനിക്ഷേപമായി സൂക്ഷിക്കപ്പെടുകയും നിത്യനഗരത്തിലെത്തുന്ന തീർത്ഥയാത്രക്കാരും ക്ഷേത്രങ്ങളും പ്രസ്തുത കുടീരങ്ങളം സന്ദർശിച്ചു് പ്രാർത്ഥിക്കയും ചെയ്യുപോരുന്നു.

ആപ്പിയൻ റോഡിനടുത്തുള്ള ഭൂഗർഭാലയത്തിലാണു് ലൂസീനാ വി. ദേവസ്യനോസിന്റെ പൂജ്യാവശിഷ്ടങ്ങളം സംസ്കരിച്ചതു്. ലൂസീനാ, വിശുദ്ധന്റെ കുടീരാന്തികത്തിൽ മൂപ്പതുദിവസം ധ്യാനവും പ്രാർത്ഥനയും നടത്തി. അഞ്ചാം നൂറാണ്ടിൽ ആ സ്ഥലത്തു് ബ്രഹ്മാണ്ഡമായ ഒരു ദേവാലയവും സ്ഥാപിക്കപ്പെട്ടു.

വി. ദേവസ്യാനോസ് സാവ്വ്ലൗകിക മദ്ധ്യസ്ഥനായ ഒരു മഹാസിദ്ധനായി ആദരിക്കപ്പെടുന്നു. വി. ദേവസ്യാനോസിനോടുള്ള ഭക്തി പ്രചരിക്കാത്തതായി യാതൊരു സ്ഥലവും കത്തോലിക്കാലോകത്തിൽ കാണുകയില്ല. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ രക്തസാക്ഷിത്വം വരിച്ച വി. ദേവസ്യാനോസ് ഇന്നും ക്രൈസ്തവഭക്തഹൃദയങ്ങളിൽ സജീവനായി, സംപൂജിതനായി, നവചൈതന്യസംയുക്തനായി വർത്തിക്കുന്നു.

വി. ദേവസ്യാനോസിന്റെ അത്ഭുതഫലദായകമായ മാദ്ധ്യസ്ഥത്താൽ ലോകം നിരവധി നന്മകളും നേടിയിട്ടുണ്ട്. 680-ൽ റോമാനഗരം ഭയങ്കരമായ ഒരു സാംക്രമികരോഗത്താൽ പീഡിപ്പിക്കപ്പെടുകയും, വിശുദ്ധ ദേവസ്യാനോസിന്റെ മാദ്ധ്യസ്ഥത്താൽ അതു നിശ്ശേഷം ശമിക്കയും ചെയ്തു. വിശുദ്ധന്റെ മാതൃസ്വദേശമായ മിലാൻപട്ടണത്തിലും 1575-ൽ വി. ദേവസ്യാനോസിന്റെ മാദ്ധ്യസ്ഥം ഹേതുവായി അത്ഭുതകരമായ സാംക്രമികരോഗശാന്തിയുണ്ടായി. 1896-ൽ ലിസ്ബൺനഗരവും നമ്മുടെ സിദ്ധന്റെ സഹായത്താൽ ഘോരമായ ഒരു പകർച്ചവ്യാധിയിൽനിന്നും രക്ഷപെട്ടു.

ഇതുപോലെ വേറെ അനേകം സ്ഥലത്തും വിശുദ്ധന്റെ സഹായത്താൽ സാംക്രമിക രോഗബാധ നിശ്ശേഷം നീങ്ങിപ്പോയിട്ടുണ്ട്. അങ്ങനെ, സാംക്രമികരോഗങ്ങളും, പ്രകൃതിപ്രക്ഷോഭങ്ങളും മുതലായ വയിൽനിന്നും രക്ഷപ്രാപിക്കുന്നതിനു വി. ദേവസ്യാനോസിന്റെ മാദ്ധ്യസ്ഥം സാവ്ത്രികമായി സമാദരിക്കപ്പെട്ടുപോരുന്നു.


വി. ദേവസ്യാനോസിന്റെ ജീവചരിത്രപഠിതാക്കളായ നാം അദ്ദേഹത്തിൽ വിളങ്ങിയിരുന്ന അത്മായപ്രേഷിതപ്രബുദ്ധതയും സപ്രത്യയ സ്ഥൈര്യവും ധർമ്മശൂരതയും ത്യാഗസഹിഷ്ണുതയും രക്താപ്പണാഭിവാഞ്ഛയും യാവച്ഛക്യം അനുകരിക്കേണ്ടതാണു. ''ഞാൻ ക്രിസ്തുവിനെ അനുകരിക്കുന്നതുപോലെ നിങ്ങളും എന്നെ അനുകരിക്കുന്നവരാകണമെന്നു നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു'' എന്നുള്ള വി. പൗലോസ് അപ്പോസ്തലന്റെ വാക്യമാണു വി. ദേവസ്യാനോസ് സഭാനുമെ അനുസരിപ്പിക്കുന്നതെന്നു ചിന്തിക്കുന്നതു പ്രയോജനകരമായിരിക്കും.



ശുഭം.

Cum permissu superiorum.

St. Joseph's press Mannanam, 1974.



CHILDREN'S BOOK CENTRE